## കേന്ദ്ര ചിന്ത—ജീവനും കെട്ടുപണിയും

**I. പത്രൊസിന്റെ ലേഖനങ്ങളുടെയും മുഴുവൻ തിരുവെഴുത്തുകളുടെയും കേന്ദ്ര ചിന്ത ജീവനും കെട്ടുപണിയുമാണ്**

2 പത്രൊ. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

1 പത്രൊ. 1:23 ക്ഷയിക്കുന്ന വിത്തിൽ നിന്നല്ല അക്ഷയമായതിൽനിന്ന്, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്തിലൂടെയത്രേ നിങ്ങൾ വീണ്ടുംജനിച്ചിരിക്കുന്നത്.

- ജീവൻ എന്നത് ക്രിസ്തുവിൽ ദേഹരൂപമെടുക്കുകയും നമ്മുടെ ആസ്വാദനത്തിനുവേണ്ടി നമ്മിലേക്ക് തന്നെത്തന്നെ പകരുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്ത ത്രിയേക ദൈവമാണ്
- കെട്ടുപണി എന്നത് ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനുവേണ്ടി ദൈവത്തിന്റെ വികാസവും വിപുലീകരണവും എന്ന നിലയിൽ ദൈവത്തിന്റെ ആത്മിക ഭവനമായ, ക്രിസ്തുവിന്റെ ശരീരമായ സഭയാണ്
- ജീവന്റെ വളർച്ചയും വികാസവും മുഖാന്തരം ജീവന്റെ സമ്പന്നമായ അധികപങ്കും ജീവന്റെ ആവിഷ്കാരവുമായ സഭയുടെ കെട്ടുപണിക്കുവേണ്ടി ജീവനും ദൈവികതയും സംബന്ധിച്ച സകല കാര്യങ്ങളും നമുക്കു നൽകിയിരിക്കുന്ന നമ്മുടെ ഉള്ളിലുള്ള ജീവശക്തിയാണ് ജീവന്റെ വിത്തായ ക്രിസ്തു

## ജീവൻ—ജീവനുള്ള കല്ലുകൾകൊണ്ട് പണിയപ്പെടുന്നു

**II. ജീവനുള്ള കല്ലുകൾകൊണ്ട് പണിയപ്പെട്ട ഒരു ആത്മിക ഭവനമാണ് ദൈവത്തിന്റെ ലക്ഷ്യം**

1 പത്രൊ. 2:5 നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ, പുരോഹിതവർഗമായി പണിയപ്പെടുന്നു.

- നമുക്ക് ജീവനെന്ന നിലയിൽ, ക്രിസ്തു അക്ഷയമായ വിത്താണ്; ദൈവത്തിന്റെ കെട്ടിടത്തിന്, അവൻ ജീവനുള്ള കല്ലാണ്
- പത്രൊസിന്റെ പരിവർത്തനത്തിൽ കർത്താവ് അവന് പത്രൊസ്—ഒരു കല്ല്—എന്ന ഒരു പുതിയ പേരു നൽകി (യോഹ. 1:42); ക്രിസ്തുവിനെ സംബന്ധിച്ച വെളിപാട് പത്രൊസ് പ്രാപിച്ചപ്പോൾ, താൻ ഒരു പാറയാണെന്ന്—ഒരു കല്ലാണെന്ന്, കർത്താവ് വെളിപ്പെടുത്തി (മത്താ. 16:18)
    - ഈ രണ്ട് സംഭവങ്ങളിലൂടെ ക്രിസ്തുവും അവന്റെ വിശ്വാസികളും ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയുള്ള ജീവനുള്ള കല്ലുകളാണെന്ന മതിപ്പ് പത്രൊസിന് ലഭിച്ചു
- നാം കളിമണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ടവരാണെങ്കിലും (റോമ. 9:21), വീണ്ടുംജനനത്തിൽ നാം ദിവ്യജീവന്റെ വിത്ത് സ്വീകരിച്ചു; നമ്മിൽ വളരുന്നതിലൂടെ അത് നമ്മെ ജീവനുള്ള കല്ലുകളാക്കി രൂപാന്തരപ്പെടുത്തുന്നു

**III. ദൈവത്തിന്റെ കെട്ടിടം ജീവനുള്ളതായതിനാൽ, അത് വളർന്നുകൊണ്ടിരിക്കുന്നു; ദൈവത്തിന്റെ ഭവനമായ സഭയുടെ വാസ്തവമായ കെട്ടുപണി വിശ്വാസികളുടെ ജീവനിലുള്ള വളർച്ചയാലാണ്**

എഫെ. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

- നാം കർത്താവിനെ സ്നേഹിക്കുകയും, നമ്മുടെ ആത്മാവിന് ശ്രദ്ധ നൽകുകയും, ജീവന്റെ പാതയിൽ തുടരുവാൻ സകല ജാഗ്രതയോടുംകൂടെ നമ്മുടെ ഹൃദയത്തെ കാത്തുസൂക്ഷിക്കുകയും വേണം
- നമ്മുടെ ഉള്ളിലുള്ള താഴെ പറയുന്ന പ്രതിബന്ധങ്ങളോട് ഇടപെടുവാനും അവയെ നീക്കംചെയ്യുവാനും കഴിയത്തക്കവണ്ണം, ക്രൂശിന്റെ തകർക്കലിനെ നാം അനുഭവമാക്കണം
  (1) ജീവന്റെ പാത അറിയാതിരിക്കുന്നതും ക്രിസ്തുവിനെ നമ്മുടെ ജീവനായി എടുക്കാതിരിക്കുന്നതും (2) കാപട്യം (3) മത്സരം (4) സ്വാഭാവിക കഴിവുകൾ
- നാം "കല്ല്-ക്രിസ്തു"വെന്ന നിലയിൽ അവനാൽ രൂപാന്തരപ്പെടുവാനും, ഒരു വിശുദ്ധ പുരോഹിതവർഗമായി ദൈവത്തിന്റെ ആത്മിക ഭവനമായ "ശരീര-ക്രിസ്തു"വായി പണിയപ്പെടുവാനുമായി നമ്മെ പോഷിപ്പിക്കുവാൻ നാം "പാൽ-ക്രിസ്തു"വിനെ ആസ്വദിക്കുന്നു

## കെട്ടുപണി—പുരോഹിതവർഗം

**IV. പുരോഹിതന്മാരുടെ ഏകോപിത സംഘമായ വിശുദ്ധ പുരോഹിതവർഗം പണിയപ്പെട്ട ആത്മിക ഗൃഹമാണ്; ദൈവം തന്റെ വാസത്തിനായി ഒരു ആത്മിക ഭവനവും തന്റെ സേവനത്തിനായി ഒരു പുരോഹിത സംഘവും, അഥവാ ഒരു സംഘാത പുരോഹിതവർഗവും ആഗ്രഹിക്കുന്നു**

- പഴയനിയമകാലത്ത്, ദൈവഭവനവും പൗരോഹിത്യവും വളരെ ബന്ധപ്പെട്ടിരിക്കുന്നു, എന്നാൽ അവ രണ്ട് വ്യത്യസ്ത അസ്തിത്വങ്ങൾ ആയിരുന്നു; എന്നാൽ, പുതിയനിയമകാലത്ത്, ആത്മികഭവനവും സംഘാത പൗരോഹിത്യവും ഒന്നാണ്
- നമ്മുടെ സംഘാത പൗരോഹിത്യ സേവനം എന്നത് അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നമ്മെ വിളിച്ചവന്റെ നന്മകളെ സുവിശേഷമായി ഘോഷിക്കുകയാണ് (വാ. 9), അത് നാം "യേശു ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ" (വാ. 5) കഴിയേണ്ടതിനാണ്
- കർത്താവിനുള്ള നമ്മുടെ എല്ലാ പൗരോഹിത്യ സേവനവും, നമ്മിൽനിന്നല്ല, "അളവിന്റെ ദൈവമായ" അവനിൽനിന്ന് ഉത്ഭവിക്കണം; അവന്റെ പുനരുത്ഥാന ജീവൻ നമ്മിലൂടെ മറ്റുള്ളവരിലേക്ക് പകരപ്പെടുവാൻ കഴിയത്തക്കവണ്ണം അവന്റെ മരണം നമ്മിൽ വ്യാപരിക്കുവാൻ നാം അനുവദിക്കുമ്പോൾ, നമ്മുടെ എല്ലാ പൗരോഹിത്യ സേവനവും അവന്റെ നടത്തിപ്പിനും അവന്റെ പരിമിതപ്പെടുത്തലിനും ഒത്തവണ്ണമായിരിക്കണം